LIBRARY ARCHIVES Kerala Legislative Assembly

ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക കൂടിയേറ്റ മ്യൂസിയം

374 (984) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ചെമ്പന്തൊട്ടിയിൽ പ്രവൃത്തി ഉദ്ഘാടനം നിർവ്വഹിച്ച ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക കൂടിയേറ്റ മ്യൂസിയത്തിന്റെ ഒന്നാംഘട്ട പ്രവൃത്തി പൂർത്തിയായോയെന്ന് വ്യക്തമാക്കുമോ;

&

(ബി) ഇല്ലെങ്കിൽ എന്ന് പൂർത്തീകരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്?

കണ്ണൂർ ജില്ലയിലെ ചെമ്പന്തൊട്ടിയിൽ സജ്ജീകരിക്കുന്ന ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക കൂടിയേറ്റ മ്യൂസിയത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നിലവിലെ സാഹചര്യത്തിൽ 2021 സെപ്റ്റംബർ മാസത്തോടു കൂടി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ചേറ്റുവ കോട്ടയുടെ സംരക്ഷണം

375 (985) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ചേറ്റുവ കോട്ടയുടെ സംരക്ഷണത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

കേരള പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമായ ചേറ്റുവ കോട്ടയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 2018-19 സാമ്പത്തിക വർഷം 1,15,00,000 രൂപയുടെ ഭരണാനുമതി നൽകി സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ടൂറിസം വകുപ്പുമായി യോജിച്ച് വിനോദസഞ്ചാരികൾക്ക് കോട്ടയുടെ സൗന്ദര്യം ആസ്വദിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുമോ?

ടൂറിസം സാധ്യതകൾ പരിശോധിച്ചശേഷം പുരാവസ്തു വകുപ്പുമായി യോജിച്ച് പദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് വിനോദസഞ്ചാര വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)